സാഹിത്യവാരഫലം

1986/08/17 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/08/17-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



ഹീബ്രു രാജാവ് ഡേവിഡിന്റെ മകനായിരുന്ന അബ്സലം. അബ്സലമിന് അവിവാഹിതയും അതിസുന്ദരിയുമായ ഒരു സഹോദരിയുണ്ടായിരുന്ന തേമാർ എന്ന പേരിൽ. ഡേവിഡ് രാജാവിന്റെ മറ്റൊരു മകൻ അമ്നൺ അവളെക്കണ്ടു കാമത്തിൽ വീണു. കാമം അതിരു കടന്നപ്പോൾ അവർ രോഗാർത്തനായി മാറി. കന്യകയായ തേമാറിനെ പുരുഷന്മാരുടെ കണ്ണിൽപ്പെടാതെ പാർപ്പിച്ചിരുന്നതുകൊണ്ട് അമ്നണിന്റെ അഗമ്യഗമനവാഞ്ഛയ്ക്ക് സാഫല്യമുണ്ടായില്ല. ഈ സന്ദർഭത്തിൽ അവനെ സഹായിക്കാൻ ഒരാളുണ്ടായി. ഡേവിഡിന്റെ സഹോദരന്റെ മകനായ ജോനദാബായിരുന്ന ആ 'ഉപകർത്താവ്.' അവന്റെ സഹായത്തോടെ അമ്നൺ തേമാറിനെ ബലാൽസംഗം ചെയ്തു. അന്നുമുതൽ പ്രതികാര നിർവ്വഹണത്തിനു തയ്യാറായി നടക്കുകയായിരുന്ന അബ്സലം. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അവന് സന്ദർഭം കിട്ടി. കുടിച്ചു വശംകെട്ട അമ്നണിനെ അബ്സലം പരിചാരകന്മാരെക്കൊണ്ട് നിഗ്രഹിപ്പിച്ചു. ബൈബിളിലെ ഇക്കഥയെ അവലംബിച്ച് ഡാൻ ജേക്കബ്സൺ എഴുതിയ നോവലാണ് The Rape of Tamar (Andre Deutsch, Rs. 77.80). A tour de force—A novel of unusual depth and originality എന്നു ഫിലിപ്പ് ടോയിൻബിയും 'Almost a prose poem' എന്നു സിറിൽ കൊണലിയും വാഴ്ത്തിയ ഈ നോവലിന്റെ കർത്താവായ ജേക്കബ്സൺ ദക്ഷിണാഫ്രിക്കയിലെ ജോഹനിസ്ബർഗ്ഗിൽ 1929-ൽ ജനിച്ചു. ദക്ഷിണാഫ്രിക്കയിലെ ജീവിതത്തെക്കുറിച്ചു മാത്രം നോവലുകൾ രചിച്ച അദ്ദേഹം ഒരു നൂതനനാദം കേൾപ്പിക്കുകയാണ് ഈ നോവലിൽക്കൂടി. ശ്ലേഷ്മവും ജുഗുപ്സാവഹവുമായ ബൈബിൾക്കഥയെ ഭാവനകൊണ്ടു ജേക്കബ്സൺ ദീപ്തിയേറിയ കലാശില്പമാക്കി മാറ്റിയിരിക്കുന്നു. ബലാത്കാരവേഴ്ചയോടു ബന്ധപ്പെട്ട ഒരു സന്ദർഭത്തിൽ വർണ്ണനയ്ക്കു പ്രതിരൂപാത്മകമൂല്യം നല്കിക്കൊണ്ട് നോവലിസ്റ്റ് പറയുന്നതു കേട്ടാലും:

> On a low table there burns a single oil-lamp, the flame floating calmly on the surface of the little lake of oil from which it draws its life. Amnon stares at the flame, wondering whether or nor to quench it. Then he looks at his own shadow, hulking upwards to the ceiling. Because the flame is lower than bed Tamar's shadow is now entirely swallowed up in that of the bed itself, buried in it. (pp. 82, 83). ദീപം ഇവിടെ തേമാറും നിഴൽ അമ്നണമാണ്.

റോബർട്ട് മൂസൽ

സഹോദരനും സഹോദരിയും തമ്മിലുള്ള കാമോത്സുകമായ ബന്ധത്തെ അതീന്ദ്രിയാവസ്ഥയിലേക്കു നയിച്ച് വായനക്കാരെ ആഹ്ലാദിപ്പിക്കുന്ന ഒരു നോവലുണ്ട് വിശ്വസാഹിത്യത്തിൽ; റോബർട്ട് മൂസലിന്റെ The Man Without Qualities. ഇതിന്റെ മൂന്നാമത്തെ ഭാഗത്തിന്റെ പേര് Into the Millennium (The Criminals) എന്നാണ്. ഇതിലെ കുറ്റവാളികൾ സഹോദരനും സഹോദരിയുമായിരിക്കാം. പക്ഷേ, ഞാൻ വായിച്ച മനസ്സിലാക്കിയത് പ്രധാന കഥാപാത്രമായ. അൾറിഹിന് സഹോദരിയോടു തോന്നുന്ന മാംസനിബദ്ധമായ രാഗം അയാൾ തന്നെ ഇല്ലാതാക്കുന്നു എന്നാണ്. നോവൽ അവസാനിക്കുന്നതു നോക്കുക. "Only after this did Ulrich learn that Agathe suddenly said goodnight and gone without him..." വേഡ്സ്‌വർത്ത്, ഷെല്ലി, ലാം (Lamb), ഹേഗൽ, മക്കോളെ, ബയറൺ ഇവരുടെയെല്ലാം brother-sister intimacy മറ്റെല്ലാ ബന്ധങ്ങളെയും അപ്രധാനങ്ങളാക്കിക്കളയുന്നുവെന്ന് വിഖ്യാതനിരൂപകനായ ജോർജ്ജ് സ്റ്റൈനർ പറയുന്നു (Antigones എന്ന ഗ്രന്ഥം).



ജീവശാസ്ത്രപരമായ വീക്ഷണഗതിയെ അവലംബിച്ചാണെങ്കിൽ ഇതൊക്കെ നിന്ദ്യമാകാം. പക്ഷേ, കലയെ സാമൂഹികവും ചരിത്രപരവുമായ വീക്ഷണഗതിയിലൂടെ പരിശോധിക്കുമ്പോൾ ഈസ്തെറ്റിക്സിന്റെ ഘടകമായി അതു മാറുമെന്നു മാർക്സിസ്റ്റ് നിരൂപകൻ ലൂക്കാച്ച് പറയുന്നു. 'In primitive times the sister was the wife and that was moral' എന്നു മാർക്സ് പറഞ്ഞതായി എംഗൽസ് പ്രസ്താവിക്കുന്നു (ലൂക്കാച്ചിന്റെ Healthy or Sick Art എന്ന ലേഖനം നോക്കുക). ഇതു ശരിയോ തെറ്റോ? എന്തായാലും ഡാൻ ജേക്കബ്സണിന്റെ നോവൽ ഭാഗവഗീതം പോലെ ഭംഗിയാർന്നതാണ്.

മാറ്റം

കൂട്ടുകാരെ, കാലം മാറിപ്പോയിയെന്ന് ഞാൻ പറഞ്ഞിട്ടു വേണോ നിങ്ങൾക്കു മനസ്സിലാക്കാൻ? വേണ്ട. എന്നെക്കാൾ നന്നായി നിങ്ങൾക്കതറിയാം.

> "ഓമൽ ചോദിക്കയാണെന്തിനീ വാല്മികി
> രാമനെക്കൊണ്ടെന്നെ വേൾപ്പിക്കുന്നു?"
> അമ്മ സമാശ്വസിപ്പിച്ചു "പെൺകുട്ടികൾ-
> ക്കമ്മട്ടിലുണ്ടൊരു കർമ്മം കുഞ്ഞേ"
> കന്യക തീർമാനം ചെയ്തു: "മറ്റാരും
> വേണ്ടെന്നെയെന്നമ്മതാൻ വേട്ടാൽ മതി"

എന്ന വരികൾ വായിച്ചപ്പോൾ നമ്മൾ ആഹ്ലാദിച്ചു; പനിനീർപ്പൂക്കളെ ചുംബിച്ചുകൊണ്ട് അലസസഞ്ചാരം ചെയ്യുന്ന തെക്കൻ കാറ്റിന്റെ മൃദുലസ്വരം നമ്മെ ആഹ്ലാദിപ്പിക്കുന്നതുപോലെ. അന്ന് അതു സത്യമായി നമുക്കു തോന്നി. ഇന്നാകട്ടെ അസത്യത്തിന്റെ പേരു കവിതയെന്നായിരിക്കുന്നു. പാറയുടെ പുറത്തു ചിരട്ടയിട്ട് ഉരച്ചാൽ കേൾക്കുന്ന ശബ്ദമാണതിന്.


കോൺറഡ്

കവിതയിലെ സൗന്ദര്യത്തെക്കുറിച്ചുള്ള സങ്കല്പത്തിനു മാറ്റം വന്നതുപോലെ സ്ത്രീസൗന്ദര്യത്തെക്കുറിച്ചുള്ള സങ്കല്പത്തിനും മാറ്റം സംഭവിച്ചിരിക്കുന്നു. വടക്കൻപാട്ടിലെ ഒരു തരുണി കാമുകനുമായി സല്ലപിച്ചു കൊണ്ടിരുന്നപ്പോൾ പരാക്രമിയായ സഹോദരൻ വന്നു വാതിലിൽ തട്ടി. കാമുകനെ ഒളിപ്പിക്കുന്നതിന് മാർഗ്ഗമൊന്നുമില്ലാതിരുന്നതുകൊണ്ട് അവൾ തലമുടി അഴിച്ചിട്ടു. കാമുകൻ അതിനിടയിൽ കയറി നിന്നതു കൊണ്ട് സഹോദരൻ അയാളെ കണ്ടില്ലത്രേ. 'മാർത്താണ്ഡവർമ്മ' എന്ന നോവലിലെ ഒരു സംഭവം കൂടി ഓർമ്മയിലെത്തുന്നു. കാർത്ത്യായനി അമ്മയെ കാണാൻ സുന്ദരയ്യൻ വന്നു. അയാളെ കണ്ടയുടനെ പാറുക്കുട്ടി ഇരുട്ടിലേക്കു മറഞ്ഞു. അവളുടെ തലമുടിയെ സൂചിപ്പിച്ചു കൊണ്ട് ഒരു ഇരുൾ പോരാത്തതു കൊണ്ടാണോ വേറൊരു ഇരുളിൽ ഒളിക്കുന്നതെന്നു സുന്ദരയ്യൻ ചോദിച്ചതായി സി. വി. രാമൻപിള്ള എഴുതുന്നു. അടുത്ത കാലത്താണ് കോൺറഡിന്റെ Freya of the seven Isles എന്ന കഥ വായിച്ചത്. അതിലെ നായിക ഇരുന്നാൽ അവൾക്കു സ്വന്തം തലമുടിയിലെ ഇരിക്കാൻ പറ്റു. അത്രയ്ക്കു നീളമാണതിന്. എന്നിട്ട് ഗ്രന്ഥകാരൻ പറയുന്നു: I dare say, I dare say. It was not for me to behold these wonders. കോൺറഡ് കണ്ടില്ലായിരിക്കും. പക്ഷേ, ഞാൻ പറയുന്നു: "ഈ അദ്ഭുതങ്ങൾ ഞാൻ കണ്ടിട്ടുണ്ട്". തലമുടി ആണുങ്ങളെപ്പോലെ ക്രോപ്പ് ചെയ്യുന്ന ഇന്നത്തെ അദ്ഭുതവും ഞാൻ കാണുന്നു.

എന്റെ യൗവനകാലത്തും സ്ത്രീകൾ അമ്പലങ്ങളിൽ പോയിരുന്നു. കേരളീയ സ്ത്രീകൾക്കു യോജിച്ച വേഷമായിരുന്നു അവരുടേത്. റ്റി. 73 അല്ലെങ്കിൽ 703 മുണ്ട്. പുളിയിലക്കര നേരിയത്. ചെരിപ്പിടില്ല. തലമുടിയിൽ തുളസിക്കതിർ ചൂടിയിരിക്കും ചിലപ്പോൾ. കുറേനേരം ധ്യാന നിമഗ്നയായി വിഗ്രഹത്തിനു മുൻപിൽ നിന്നിട്ട് പോറ്റി പടിക്കെറിയുന്നതുപോലെ എറിയുന്ന ചന്ദനവുമെടുത്തു വീട്ടിലേക്കു പോരും. എത്ര ധനികയായാലും ദരിദ്രയായാലും ഇതു തന്നെ രീതി. ഇന്ന് അതൊക്കെ മാറിപ്പോയി. റബ്ബർ പാഡ് എവിടെ? ഫോം റബ്ബർ വച്ച അതെവിടെ? ധരിക്കുന്നു. ആയിരം രൂപയിലധികം വിലയുള്ള സാരി അണിയുന്നു. മാച്ച് ചെയ്യുന്ന ബ്ലൗസ്. തലമുടി ചുറ്റിക്കെട്ടി (അകത്തു വടയുണ്ടായിരിക്കും.) പൂമാല വളച്ചു വയ്ക്കുന്നു. പൗഡർ, റൂഷ്, ലിപ്സ്റ്റിക്. കറഞ്ഞത് ഇരുന്നൂറു രൂപ വിലയുള്ള വർണ്ണച്ചെരിപ്പ്. എയർകണ്ടീഷൻഡ് മാരുതിയിലോ ടൊയോട്ടയിലോ കയറി കറച്ചൂരം നീങ്ങുമ്പോൾ അമ്പലമായി. മനസ്സില്ലാമനസ്സോടെ ചെരിപ്പുരി നടയിലിട്ടിട്ട് വിഗ്രഹത്തിന്റെ മുൻപിൽ തൊഴുകൈയോടെ നില്ക്കുന്നു. വില കൂടിയ ചെരിപ്പ് ആരും 'അടിച്ച്' കൊണ്ടുപോകരുതേ എന്നാണ് പ്രാർത്ഥന. അല്ലെങ്കിൽ എന്നും ഇങ്ങനെ അമ്പലത്തിൽ വരത്തക്കവിധത്തിൽ ഭർത്താവ് അഞ്ചക്കം ശംബളം വാങ്ങുന്നവനായിരിക്കണമേ എന്നാവാം അപേക്ഷ. ഇലയിൽ ഭക്ത്യാദരപുരസ്സരം പൂജാരി നല്കുന്ന പ്രസാദവുമായി അന്നനട നടന്നു കാറിൽ കയറുന്നു. പുരുഷന്മാരുടെ വരവു സ്കൂട്ടറിലാണ്. ട്രൗസേഴ്സ് ധരിച്ചു കൊടിമരത്തിന്റെ അടുത്തുവന്നു പ്രാർത്ഥിക്കുന്നു. തിരിച്ചു ചെന്ന് സ്ക്കൂട്ടർ സ്റ്റാർട്ട് ചെയ്യാൻ നാലു ചവിട്ടു കൂട്ടുതൽ ചവിട്ടണം. അപ്പോഴേക്കും നെറ്റിയിലിട്ട ചന്ദനം വിയർപ്പിൽ മുങ്ങി അപ്രത്യക്ഷമാകും. എങ്കിലും സാരമില്ല. ബജാജിൽ കയറി വന്നു തൊഴുതല്ലോ മതി.

പെരുമാറ്റത്തിനും വലിയ മാറ്റമാണിപ്പോൾ. പണ്ടും പരുക്കൻ പെരുമാറ്റങ്ങൾ സ്ത്രീകളിൽ നിന്നും പുരുഷന്മാരിൽ നിന്നും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇന്ന് അതേയുള്ളൂ. പണ്ട് അവർ വാക്കുകളെ പുഷ്പങ്ങളാക്കി ഇലയിൽ വച്ചു തരുമായിരുന്നു. ഇന്ന് അവയെ കരിങ്കൽക്കഷണങ്ങളാക്കി നമ്മുടെ നെറ്റിയുടെ നേർക്ക് എറിയുന്നു. അങ്ങനെ എറിയുന്ന ഒരു പെണ്ണിനെ എൻ. എം. പ്രഭാകരന്റെ 'അഹല്യ' എന്ന കഥയിൽ കാണാം (കുങ്കുമം). ആ കാഴ്ചയിൽക്കവിഞ്ഞ് ഈ ജേർണ്ണലിസത്തിൽ ഒന്നുമില്ല. ഒന്നുമില്ലേ? തീർച്ചയാണോ? ഇല്ല; ഒന്നുകൂടെയുണ്ട്. "നാക്കു നീട്ടൽ" വളരെ കൂടുതലാണ് ആ പെണ്ണിന്. അതു സ്ത്രീസ്വഭാവമായതുകൊണ്ടു ഞാൻ പറഞ്ഞില്ലെന്നേയുള്ളൂ. ഗ്രീസിലെയും റോമിലെയും സ്ത്രീപ്രതിമകളുടെ പടങ്ങൾ കണ്ടിട്ടില്ലേ? പലതിനും തലയില്ല. പ്രതിമകൾ കാതടിപ്പിക്കുന്ന രീതിയിൽ സംസാരിച്ചേക്കുമെന്നു പേടിച്ചു പുരുഷന്മാർ തട്ടിക്കളഞ്ഞതാവണം ആ തലകളെ.

ജി. എൻ. പണിക്കർ

കഴിഞ്ഞകാലത്തിന്റെ കാല്പനിക ഭംഗിയും വർത്തമാനകാലത്തിന്റെ വാസ്തവികചാരുതയും ലയാത്മകമായ സംഭാഷണങ്ങളിലൂടെ ആവിഷ്കരിക്കാൻ ജി. എൻ. പണിക്കർക്കുള്ള പ്രാഗല്ഭ്യത്തിനു ഉദാഹരണമായിട്ടുണ്ട് കലാകൗമുദിയിലെ അദ്ദേഹത്തിന്റെ 'മാറി വീഴുന്ന രേഖകൾ' എന്ന ചെറുകഥ. യൗവനകാലത്തെ റൊമാന്റിക് ആഹ്ലാദം. വാർദ്ധക്യകാലത്തെ നിരാശത കലർന്ന സന്തോഷം. രണ്ടിനും വ്യാപകാവസ്ഥയുണ്ട്. അവയെ സ്ഥൂലീകരിക്കാതെ ആകർഷകമായി കഥാകാരൻ ചിത്രീകരിക്കുന്നത് നായികയുടെയും നായകന്റെയും വികാരം കലർന്ന സംഭാഷണത്തിലൂടെയാണ്. വിധിയെ ആർക്കു മാറ്റാൻ കഴിയും? കാലത്തിന്റെ വേഗതയിലുള്ള പ്രവാഹത്തെ ആർക്കു തടയാൻ കഴിയും. അനിവാര്യമായതു സംഭവിക്കും. ആ തളർച്ചയും ജീർണ്ണതയും സംഭവിക്കുമ്പോഴും സ്നേഹം പീലി വിരിച്ചു നിന്നാടുന്നു. ചില കഥകളുടെ ശക്തി "രാഷ്ട്രീയ"ത്തിലാണിരിക്കുന്നത്. മറ്റു ചില കഥകളുടേതു സാമൂഹികാവസ്ഥയിലും. ജി. എൻ. പണിക്കരുടെ ഇക്കഥയുടെ ശക്തി കലാത്മകതയിലാണ് എന്നത് ഈ ലേഖകനെ ആഹ്ലാദിപ്പിച്ചു. ചിരപരിചിതമായ വിഷയമായിരിക്കാം അദ്ദേഹം കൈകാര്യം ചെയ്യുന്നത്. ആയിക്കൊള്ളട്ടെ. എങ്കിലും അതിൽ അദ്ദേഹത്തിന്റെ മുദ്രയുണ്ട്. അദ്ദേഹത്തിന്റേതു മാത്രമായ കാഴ്ചപ്പാടുണ്ട്. അതിൽക്കൂടുതലായി സഹൃദയനു വേറൊന്നും വേണ്ട.

ഹൈന്ദവ സങ്കല്പമനുസരിച്ചു പുരുഷന്റെ തുടയ്ക്കു പ്രാധാന്യമുണ്ട്. ശക്തിയുടെ ഇരിപ്പിടമാണത്രേ അത്. ഗുസ്തിക്കാർ മല്ലിടിത്തത്തിന് ഇറങ്ങുമ്പോൾ തുടകളിൽ കൈകൾകൊണ്ട് അടിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുക. ഭാരതയുദ്ധത്തിന്റെ പതിനെട്ടാം ദിവസം ഭീമൻ ദുര്യോധനനെ കൊന്നത് അയാളുടെ തുടയടിച്ചു പൊട്ടിച്ചാണ്. സ്ത്രീയെസ്സംബന്ധിച്ചും തുടയാണ് ശക്തിക്ക് ഇരിപ്പിടം. ഔർവ്വൻ അമ്മയുടെ തുടയിൽനിന്നാണ് ജനിച്ചത്. ആ കുഞ്ഞിന്റെ ശോഭകണ്ടു ശത്രുക്കൾ അന്ധരായിപ്പോയി. ഗ്രീക്ക് ദേവൻ സ്യൂസ്സിന്റെ തുടയിൽ നിന്നാണ് ഡൈനെസസ് ദേവൻ ജനിച്ചത്. സ്ത്രീയുടെ തുട ശക്തിക്ക് ആസ്പദം മാത്രമല്ല; സൗന്ദര്യത്തിന്റെ ഇരിപ്പിടവുമാണത്. അതുകൊണ്ടാണ് സാഹിത്യത്തിൽ എപ്പോഴും ആ അവയവം വർണ്ണിക്കപ്പെടുന്നത്.

> "തുമ്പിക്കരത്തിനിഹ തോലിനു കട്ടി കൊണ്ടും
> രംഭാദ്രുമത്തിനൊഴിയാത്ത തണുപ്പിനാലു
> ആകാരമൊത്തളവിലും ലഭിയാതെ പോയി
> തന്വംഗി തന്റെ തുടകൾക്കുപമാനം ഭാവം"

എന്നു കവി. സത്യമാണിതെല്ലാം. എങ്കിലും അതു കാണിക്കേണ്ട രീതിയിൽ കാണിക്കണം. ഇല്ലെങ്കിൽ ഛർദ്ദിക്കാൻ തോന്നും. ചില തമിഴ്നടികൾ ഒരേ ഷേപ്പില്ലുള്ള തുടകൾ കാണിച്ചു കൊണ്ട് ചലച്ചിത്രത്തിൽ പ്രത്യക്ഷകളാകുമ്പോൾ ശൃംഗാര പ്രതീതിയല്ല ബീഭത്സ പ്രതീതിയാണ് കാഴ്ചക്കാർക്കുണ്ടാവുക. ജി. എൻ. പണിക്കരുടെ മുകളിൽപ്പറഞ്ഞ കഥയിൽ നായിക "സാരി ഉയർത്തി ഇട്ടുപ്പിൽ തിരുകിനിന്നു ജോലി ചെയ്യുന്ന"തിന്റെ ചിത്രമുണ്ട്. അപ്പോൾ അവളുടെ "തടിച്ച കാലുകൾ" നായകൻ കണ്ടു കാമത്തിൽ വീണുപോലും. ഞാനും ജി. എൻ. പണിക്കരും ചിറ്റൂർകോളേജിൽ ജോലിനോക്കിയിരുന്നു. ചിറ്റൂരെ ചെറുപ്പക്കാരികൾ കാലത്തു റോഡിൽ ജോലിചെയ്യുമ്പോൾ സാരി വളരെ ഉയർത്തിവച്ചിരിക്കും. പക്ഷേ, ആപത്തില്ല. പാവാട മറയ്ക്കേണ്ട ഭാഗം മറച്ചിരിക്കും. ജി. എൻ. പണിക്കരുടെ നായികയ്ക്കു പാവാടയില്ലെന്നു തോന്നുന്നു. അതുകൊണ്ടാണ് 'അവോമിൻ' എവിടെ എന്ന് എനിക്കു ചോദിക്കേണ്ടി വരുന്നത്. (അവോമിൻ = ഛർദ്ദി ഒഴിവാക്കുന്ന ഗുളിക.)

പി. ഭാസ്കരൻ


പി. ഭാസ്കരൻ

അൽബേർ കമ്യൂവിന്റെ 'പ്ലേഗ്' എന്ന നോവൽ ഏതു സഹൃദയനെയും എന്തെന്നില്ലാത്തവിധം ആകർഷിക്കും. അതിലെ ഒരു വാക്യം ഞാനിപ്പോഴും ഓർമ്മിക്കുന്നു. The order of the world is shaped by death—ലോകത്തിനു വ്യവസ്ഥ നല്കുന്നതു മരണമാണ്. പട്ടണത്തിൽ പ്ലേഗ് പടർന്നുപിടിക്കുമ്പോൾ മനുഷ്യരെല്ലാവരും ഒന്നാകുന്നു. രോഗം അപ്രത്യക്ഷമായാലും ആപത്തിനെ ഓർത്തിട്ട് ആ ഐക്യം അവർ പുലർത്തിക്കൊണ്ടു പോകുന്നു. അടുത്ത വീട്ടിൽ മരണമുണ്ടായാൽ നമ്മൾ ഓടിച്ചെല്ലുന്നു; നമ്മുടെ വീട്ടിൽ മരണമുണ്ടായാൽ അവർ ഓടിവരുന്നു. മൃതദേഹം സംസ്കരിച്ചു കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന സ്നേഹത്തിനു ദാർഢ്യം സംഭവിക്കുന്നു. ഇതുതന്നെയാണ് പി. ഭാസ്കരൻ ഹൃദയത്തെ പിടിച്ചുകുലുക്കുമാറ് പറയുന്നത്.

> നാൽവഴികൾ കൂട്ടമിക്കവലയിൽ പുലരിയിൽ
> ആൾക്കൂടിയങ്ങിങ്ങു നില്പൂ
> ഏതോ യുവാവു മൃതനായി
> ഏതോ യുവാവു ഹതനായി.

ആ മരണത്തിനു ഹേതുക്കളായവയെ സംക്ഷേപണ സാമർത്ഥ്യത്തോടെ സ്പഷ്ടീകരിച്ചിട്ട് കവി പറയുന്നു.

> താനേതിരിഞ്ഞു വ്യദയാർന്നെന്റെ മാർഗ്ഗത്തിൽ
> ഞാനേകനായി നടകൊൾകെ
> ആരോ നിഗൂഢമൊരു നിശ്ശബ്ദമാം മൊഴിയിൽ
> ആർക്കുന്നിതെന്റെ ചെവിയിൽ
> "നീയാണു പോയതു നിനക്കാണു പോയതു
> നമുക്കാണു പോയതൊരു തരുണൻ"

കവിയുടെ ഈ മനുഷ്യസ്നേഹം നമുക്കേവർക്കും സ്വീകരണീയം. ആദരണീയം. മരിച്ച തരുണൻ നമ്മുടെ സഹോദരനാണെന്നു തോന്നുന്നില്ലേ? മരണത്തിന്റെ അർത്ഥം നമ്മുടെ ജീവിതത്തിൽ കാണുന്നു പി. ഭാസ്കരൻ. നമ്മുടെ ജീവിതത്തിന്റെ അർത്ഥം ആ യുവാവിന്റെ മരണത്തിലും. ഉത്കൃഷ്ടമായ കാവ്യം.

എൻ. എം. പ്രഭാകരന്റെ 'അഹല്യ' എന്ന കഥയെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. അതിലെ ഒരു മര്യാദകേടിനെപ്പറ്റിയും എഴുതണമെന്നു വിചാരിച്ചതാണ്. മറന്നുപോയി. ഇപ്പോൾ ഓർമ്മവന്നതുകൊണ്ടു പറയുകയാണ്. കഥയിലെ ഒരു കഥാപാത്രം മറ്റൊരു കഥാപാത്രത്തോട്: "അതല്ല, തന്റെ വേഷം, ഒരു കവിക്കു പറ്റിയ വേഷമല്ലിത്. തന്നെക്കണ്ടാൽ ഒരു പൂവാലനാണെന്നേ തോന്നൂ. മുടി അല്പംകൂടി നീട്ടി വളർത്തണം. കടമ്മനിട്ടയെ കണ്ടിട്ടില്ലേ, അതുപോലെ. ഷർട്ട് മാറ്റി ഒരു ചീത്ത ജുബ്ബ ഇടണം. താടിവയ്ക്കണം. കഞ്ചാവു ബീഡിയില്ലെങ്കിൽ വെറും ബീഡിയെങ്കിലും വലിക്കണം". (പുറം 25, കുങ്കുമം വാരിക.)

മാന്യനായ കടമ്മനിട്ടയെ ഇമ്മട്ടിൽ ആക്ഷേപിക്കാൻ ഈ കഥാകാരനെന്ത് അധികാരമെന്നതന്നെ ഞാൻ ചോദിക്കുന്നു. മനോഹരങ്ങളായ കാവ്യങ്ങൾ രചിച്ച് മഹാസദസ്സുകളിൽ അവ ചൊല്ലി ശ്രോതാക്കളെ ആഹ്ലാദാനുഭൂതിയിൽ വിലയംകൊള്ളിക്കുന്ന കവിയാണ് കടമ്മനിട്ട. പ്രതിഷേധം ക്ഷണിച്ചുവരുത്തുന്ന ഒരുവാക്കും ഇന്നുവരെ അദ്ദേഹത്തിൽ നിന്ന് ഉണ്ടായിട്ടില്ല. ഒരുദിവസം മുഴുവനും അദ്ദേഹത്തോടു സംസാരിക്കൂ. അന്യനെ ദുഷിച്ച് അദ്ദേഹം ഒന്നും പറയുകയില്ല. അദ്ദേഹത്തെ വിമർശിക്കുന്നവരെപ്പോലും എതിർത്ത് ഒന്നും ഉരിയാടുകയില്ല. മന്ദസ്മിതം പൊഴിക്കുകയേയുള്ളൂ. അദ്ദേഹത്തിന്റെ അതിഥിയായി ചെല്ലൂ. അതിഥിസൽക്കാര തൽപരത്വത്തിന്റെ ഉടലെടുത്ത രൂപമാണ് കടമ്മനിട്ടയെന്നു ഗ്രഹിക്കാം. ശത്രുവായി ചെല്ലുന്നവനോടും മിത്രമായി പെരുമാറുന്ന യോഗ്യൻ. ആ വിധത്തിലുള്ള ഒരു മാന്യനെ ഇങ്ങനെ അധിക്ഷേപിച്ചതു ശരിയായില്ല. മര്യാദയില്ലാത്ത കാലം!

അഷ്ടമൂർത്തി

അഷ്ടമൂർത്തി

നിത്യജീവിത സംഭവങ്ങൾക്കു 'ട്രാജിക് ഡൈമൻഷൻ' നൽകുക. അങ്ങനെ അനുവാചകനു തീക്ഷ്ണമായ ജീവിതാവബോധം ഉളവാക്കുക— ഇതിൽ വിജയം കൈവരിച്ചിരിക്കുന്നു അഷ്ടമൂർത്തി എന്ന കഥാകാരൻ (മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'വഴിയോരങ്ങൾ' എന്ന ചെറുകഥ). മകനു പേന വാങ്ങാൻ വീട്ടിൽ നിന്നിറങ്ങുന്ന പീതാംബരൻ ആകസ്മികമായി കണ്ടുമുട്ടുന്ന കൂട്ടുകാരനുമായി കുടിക്കുന്നു. ബസ്സ് സ്റ്റോപ്പിൽ വച്ചു കണ്ട ഒരു ചെറുക്കനെ അവന്റെ വീട്ടിലെത്തിക്കുന്നു. ബസ് സ്റ്റോപ്പിൽ നിന്നപ്പോൾ മകനു വേണ്ടി വാങ്ങിയ മനോഹരമായ പേന ആ ചെറുക്കൻ 'കാണിക്കെ' അയാൾ എടുത്തു നോക്കിയതാണ്. അവനെ വീട്ടിലെത്തിച്ചിട്ട് അർദ്ധരാത്രിയോട് അടുപ്പിച്ചു സ്വന്തം ഭവനത്തിലെത്തുന്നു. ഉറങ്ങിക്കിടക്കുന്ന മകനെ വിളിച്ചുണർത്തി "നോക്കൂ നിനക്കു കൊണ്ടുവന്നിരിക്കുന്ന പേന" എന്നു പറഞ്ഞു പോക്കറ്റിൽ തപ്പിനോക്കിയപ്പോൾ പേനയില്ല. തികഞ്ഞ കാരുണ്യമുള്ള പീതാംബരന്റെ മനസ്സ് ഒട്ടും മൃദുത്വമില്ലാത്ത ബാഹ്യലോകത്തോടു ഏറ്റുമുട്ടുമ്പോൾ അതു തകർന്നടിയുന്നു. ഈ തകർച്ചയെ അഷ്ടമൂർത്തി എത്ര ഹൃദ്യമായിട്ടാണ് ചിത്രീകരിക്കുന്നതെന്നു മനസ്സിലാക്കണമെങ്കിൽ കഥ തന്നെ വായിച്ചു നോക്കണം.

കാരുണ്യം ആപത്തു സംഭവിപ്പിക്കും

ഒരു സംഭവം പറയട്ടെ. ഒരു ബന്ധുവിന്റെ വീട്ടിൽ പോയിട്ട് ഞാനും സഹധർമ്മിണിയും കൂടി തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി ലൈബ്രറിക്ക് അടുത്തുള്ള ബസ് സ്റ്റോപ്പിൽ ചെന്നുനിന്നു. അപ്പോൾ ദൂരെനിന്ന് ഒരു പെൺകുട്ടി ഓടി അടുത്തുവന്നു പറഞ്ഞു: "ഞാൻ പേരൂർക്കടയിലാണ് താമസം. എന്നെ ബസ്സിൽ കയറ്റിവിട്ടിട്ടേ നിങ്ങൾ രണ്ടു പേരും പോകാവൂ. റോഡിലാരുമില്ല. എനിക്കു പേടിയാവുന്നു". എന്റെ മകളെക്കാൾ പ്രായം കുറഞ്ഞ കുട്ടി. അവൾക്ക് ആപത്തുവരരുതെന്നു കരുതി "അത്രേയുള്ളൂ" എന്നു ഞാൻ പറഞ്ഞു. "കംബൈൻഡ് സ്റ്റഡി നടത്താൻ കൂട്ടുകാരിയുടെ വീട്ടിൽപോയതാണെന്നും ഒൻപതുമണിക്കു മൂത്തസഹോദരൻ ബസ് സ്റ്റോപ്പിലെത്തുമെന്നു പറഞ്ഞിരുന്നെ"ന്നും അവൾ അറിയിച്ചു. "ചേട്ടനെ കണ്ടില്ലല്ലോ" എന്ന് അവൾ കൂടെക്കൂടെ ദുഃഖത്തോടെ പറയുന്നുണ്ടായിരുന്നു. ഞങ്ങൾക്കു പോകേണ്ട ബസ്സുകൾ പലതും പോയി. വളരെ നേരം കാത്തുനിന്നപ്പോൾ പേരൂർക്കടബസ്സ് വന്നു. പ്രാണഭീതിയോടെയാണ് ഞാൻ കൈ കാണിച്ചത്. അവസാനത്തെ ബസ്സായതു കൊണ്ടാവാം ഡ്രൈവർ അതു നിറുത്തി. പെൺകുട്ടി ഒട്ടും പരിഭ്രമമില്ലാതെ അതിൽക്കയറി സീറ്റിലിരുന്നു. താങ്ക്സ് പറഞ്ഞില്ല. ഞങ്ങളെ ഒന്നു നോക്കിയതു പോലുമില്ല. 'നന്ദികെട്ടവൾ' എന്നു ഞാൻ മനസ്സിൽ പറഞ്ഞു. സമയം വൈകിയതുകൊണ്ട് ഞങ്ങൾക്കു ടാക്സിക്കാറോ ഓട്ടോറിക്ഷയോ കിട്ടിയില്ല. നടന്നു വീട്ടിലെത്തിയപ്പോൾ അർദ്ധരാത്രിയായി. അടുത്തദിവസം ഞാൻ പാളയത്തിലെ ഒരു ലോഡ്ജിൽ ഇരുന്ന് കഥാകാരനായ ടി. ആറിനോടു പത്തരമണിവരെ സംസാരിച്ചു. ഓട്ടോറിക്ഷ കിട്ടുമോ എന്നറിയാനായി ആ ബസ് സ്റ്റോപ്പിനടുത്തുകൂടെ വന്നപ്പോൾ ആ പെണ്ണ് അവിടെ നില്ക്കുന്നു. കൂടെ കാണാൻ കൊള്ളാവുന്ന ഒരു ചെറുപ്പക്കാരനുമുണ്ട്. അവൾ പ്രേമവചനങ്ങൾ പൊഴിക്കുന്നു. കഴഞ്ഞാടുന്നു. അയാൾ ഷർട്ടിലെ ബട്ടൺ പിടിച്ചും തിരിച്ചും കാലുകൾ പിണച്ചും നിന്ന് രസിക്കുന്നു. പൊലീസിനെ ഭയന്നാവാം തിരിഞ്ഞും പിരിഞ്ഞും നോക്കുന്നുമുണ്ട്. പെണ്ണ് എന്നെക്കണ്ട മാത്രയിൽ തല തിരിച്ചുകളഞ്ഞു. 'നന്ദി കെട്ട വേശ്യ' എന്ന് ഞാൻ മനസ്സിൽ പറഞ്ഞു. പ്രിയപ്പെട്ട വായനക്കാരെ, കറച്ചെങ്കിലും ക്രൂരതയോടെ പെരുമാറൂ. ഇല്ലെങ്കിൽ അർദ്ധരാത്രി നിങ്ങൾക്കു വീട്ടിലേക്കു നടന്നു പോകേണ്ടതായിവരും.

ആർനോൾഡ് ടോയിൻബി

മദ്യപാനാസക്തിയും വർഗ്ഗബോധവും പടിഞ്ഞാറൻ പരിഷ്കാരത്തിന്റെ പ്രകടങ്ങളായ ആപത്തുകളാണ്. നിരീശ്വരവാദം, ഭൗതികവാദം, സോഷ്യലിസം, മദ്യപാനാസക്തി ഇവ കൂട്ടിച്ചേർന്നിട്ടാണ് ഇരുപതിൽ പത്തൊൻപതു സംസ്കാരങ്ങളും അധഃപതിച്ചതും ജീർണ്ണിച്ചതും—ആർനോൾഡ് ടോയിൻബിയുടെ അഭിപ്രായമാണിത്. സോഷ്യലിസവും സംസ്കാരത്തെ ജീർണ്ണിപ്പിക്കുമോ? അദ്ഭുതാവഹം!

ശല്യം

- ജി. ശങ്കരക്കുറുപ്പ് പ്രസംഗിക്കുമ്പോൾ വലതുകൈ പിറകിലോട്ടാക്കിവച്ചിരിക്കും. പ്രസംഗം തീരുന്നതുവരെ അദ്ദേഹം വിരലുകൾ ചലിപ്പിച്ചുകൊണ്ടിരിക്കും (ഞാൻ പലതവണ കണ്ടിട്ടുള്ളത്).
- 'ദ്രുതകവന'ത്തിലേർപ്പെട്ട കുഞ്ഞിക്കുട്ടൻതമ്പുരാൻ ഇടതുകൈകൊണ്ട് താനിരിക്കുന്ന പരമ്പിന്റെ (പനമ്പിന്റെ) പൊളികൾ പൊളിച്ചെടുത്തു പൊടിക്കുമായിരുന്നു. കാവ്യം തീരുമ്പോൾ ഇടതുവശത്ത് പരമ്പുപൊടിയുടെ കൂമ്പാരം (ജീവചരിത്രം നല്കിയ അറിവ്).
- റോബർട്ട് ബ്രൗണിങ് കാവ്യം രചിക്കുമ്പോൾ ഉപ്പൂറ്റിയുടെ ഭാഗംകൊണ്ട് കാർപ്പറ്റ് മർദ്ദിച്ചുകൊണ്ടിരിക്കും. കാവ്യം എഴുതിത്തീരുമ്പോൾ കാർപ്പറ്റിൽ പല കുഴികൾ കാണും (ജീവചരിത്രത്തിൽനിന്ന്).
- ചങ്ങമ്പുഴ കൃഷ്ണപിള്ള ആരോടു സംസാരിച്ചാലും "മനസ്സിലായോ, മനസ്സിലായോ?" എന്നു കൂടെക്കൂടെ ചോദിക്കും (നേരിട്ടുള്ള പരിചയത്തിൽനിന്ന്).
- പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധപ്പെടുത്തിയ തന്റെ പുസ്തകങ്ങളിൽ ഏറിയ കൂറും വാങ്ങിക്കുന്നത് ആ ഗ്രന്ഥകാരൻ തന്നെ (കലാകൗമുദിയിൽ 'സാഹിത്യവാരഫല'മെഴുതുന്ന എം. കൃഷ്ണൻനായർ സ്വന്തം പ്രവൃത്തിയെ പരസ്യമാക്കുന്നു).
- കെ. കെ. സുധാകരൻ എന്ന കഥാകാരൻ കഥകളെഴുതി ദേശാഭിമാനി വാരികയുടെ വായനക്കാരെ ശല്യപ്പെടുത്തുന്നു (അദ്ദേഹത്തിന്റെ 'ക്ഷുദ്രജീവികൾ' എന്ന ക്ഷുദ്രമായ കഥ വാരികയിൽ വായിച്ചതിനുശേഷം ഉണ്ടായ അഭിപ്രായം).

രതോപകാരി

വേശ്യകളുടെ വരുമാനത്തെ അവലംബിച്ച ജീവിതം കഴിച്ചുകൂട്ടുന്നവരെ ഇംഗ്ലീഷിൽ pimp എന്നു വിളിക്കും. (Benjamin and Masters എഴുതിയ പുസ്തകം) രതോപകാരി എന്നു വേണമെങ്കിൽ തർജ്ജമയാകാം. പുരുഷന്മാരെ വിളിച്ചുകൊണ്ടുവരിക, സൗകര്യമുള്ള സ്ഥലത്ത് അവളെ കൊണ്ടുചെന്നു പുരുഷന്മാരുടെ മുൻപിലാക്കിക്കൊടുക്കുക ഇതൊക്കെയാണ് രതോപകാരികളുടെ ജോലി. ചിലപ്പോൾ, ബ്യൂട്ടി പാർലറുകളിൽ വേശ്യ പോകുമ്പോൾ കൂട്ടിനായി അവനും പോകേണ്ടതായി വരും. വേശ്യയ്ക്കു പതിവുകാരോടാണ് ബന്ധം. രതോപകാരി ആവശ്യപ്പെട്ടാൽ അവനു വഴങ്ങേണ്ടതായി വരും. രതോപകാരി ചിലപ്പോൾ സഹോദരനായിരിക്കും. അങ്ങനെയാണെങ്കിൽ വഴങ്ങുന്ന 'പ്രശ്നം' ഒട്ടുമില്ല. മുകളിൽപ്പറഞ്ഞ നിർവ്വചനത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചാൽ സഹോദരിയുടെ വേശ്യാവൃത്തി കണ്ടില്ലെന്നു നടിച്ച് അവൾ കൊടുക്കുന്ന പണം സ്വീകരിച്ചു കഴിയുന്നവനെയും രതോപകാരിയെന്നു വിളിക്കാം. സഹോദരി രാത്രി വളരെ വൈകി വീട്ടിലെത്തുമ്പോൾ അവൻ ചീനച്ചട്ടി തലയിൽ കമിഴ്ത്തിവച്ച് ഉറക്കം നടിച്ചുകൊള്ളും. അല്ലെങ്കിൽ ഇരുട്ടത്ത് അവളുടെ ചവിട്ട് അവന്റെ തലയിൽ കൊള്ളും. കാലത്ത് പത്തുരൂപ അവൾ കൈയിൽ വച്ചു കൊടുക്കുമ്പോൾ അവനു സന്തോഷമാകും. ഈ വിധത്തിലൊരു രതോപകാരിയെ വിശ്വരാജ് കണ്ണപുരം മനോരാജ്യം വാരികയിലെഴുതിയ 'ചോണനുറുമ്പുകൾ' എന്ന കഥയിൽ കാണാം. ഒരു വ്യത്യാസം മാത്രം. സഹോദരിയുടെ വ്യഭിചാരം അവന് ഇഷ്ടമില്ല. മറ്റു മാർഗ്ഗമില്ലാതെ അവൻ മൗനം അവലംബിക്കുന്നു എന്നേയുള്ളൂ. കഥയെക്കുറിച്ചു ഞാനും മൗനം അവലംബിക്കുന്നു. എല്ലാക്കഥകളും മോശമാണെന്നു പറയാൻ മനസ്സു സമ്മതിക്കുന്നില്ല.

മുൻപൊരിക്കൽ റവന്യൂബോർഡ് മെംബർ എൻ. ഗോപാലകൃഷ്ണൻനായർ 'രതോപകാരി' എന്ന എന്റെ പ്രയോഗം ശരിയല്ലെന്നു എന്നോടു പറഞ്ഞു. 'രത്യുപകാരി' എന്നതാണു ശരിയായ രൂപമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഗോപാലകൃഷ്ണൻനായർ സംസ്കൃതത്തിൽ അവഗാഹമുള്ള ആളായിരിക്കാം. എനിക്ക് അതുകൊണ്ട് അറിവുമില്ല ആ ഭാഷയെസ്സംബന്ധിച്ച്. എങ്കിലും രതോപകാരി എന്ന പ്രയോഗത്തിൽ തെറ്റില്ലെന്നു പറയട്ടെ. രത + ഉപകാരി = രതോപകാരി എന്നേ വരൂ. രതശബ്ദത്തിനു സംഭോഗമെന്ന് അർത്ഥം. ശാകുന്തളത്തിൽ രതോൽസവം (the feast of sexual enjoyment) എന്ന പ്രയോഗമുണ്ടുതാനും.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.